പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1502 — 03.05.2017-ൽ മറുപടിയ്ക്ക്

## അരുൺരാജ് എന്ന ദളിത് വിദ്യാർത്ഥിക്ക് ലോക്കപ്പ് മർദ്ദനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആന്റണി ജോൺ | ശ്രീ. പിണറായി വിജയൻ ( മുഖ്യമന്ത്രി) |
| (എ) 2015 ഡിസംബർ 5 ന് കോതമംഗലം പോലീസ് സ്റ്റേഷനിൽ അരുൺരാജ് എന്ന ദളിത് വിദ്യാർത്ഥിക്ക് ലോക്കപ്പ് മർദ്ദനം ഏറ്റതുമായി ബന്ധപ്പെട്ട കേസ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രീ. അരുൺരാജിന്റെ സഹോദരൻ അമൽരാജ് എന്ന ദളിത് വിദ്യാർത്ഥിക്ക് ലോക്കപ്പ് മർദ്ദനം ഏറ്റു എന്നാരോപിച്ചു കൊണ്ടുള്ള പരാതി ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതു സംബന്ധിച്ച പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; | (ബി) & (സി) കോതമംഗലം പോലീസ് സ്റ്റേഷൻ ക്രൈം.നം.880/16 പ്രകാരം 11.01.2016 -ന് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) ഉണ്ടെങ്കിൽ കേസ് രജിസ്റ്റർ നമ്പറും രജിസ്റ്റർ ചെയ്ത തീയതിയും എന്നാണെന്ന് വ്യക്തമാക്കാമോ; | |
| (ഡി) ഈ കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാമോ ; | (ഡി) കോതമംഗലം പോലീസ് ഇൻസ്പെക്ടറാണ് അന്വേഷണ ഉദ്യോഗസ്ഥൻ. |
| (ഇ) ഈ കേസ്സിൽ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ? | (ഇ) കേസ്സന്വേഷണം പൂർത്തിയാക്കിയതിൽ പരാതിയിൽ പറഞ്ഞിരിക്കുന്ന തരത്തിലുള്ള കുറ്റം നടത്തിയിട്ടില്ലെന്ന് വെളിവായിട്ടുണ്ട്. അന്തിമ റിപ്പോർട്ട് നൽകുന്നതിനു മുന്നോടിയായി വസ്തുതാ പരിശോധന ജില്ലാ പോലീസ് മേധാവി തലത്തിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ